ഉത്തരം

(എ&ബി) ഈ റോഡുകളുടെ പണിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.

(സി) 1999-2000-ലെ വാർഷിക ബഡ്ജറ്റിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| കണച്ചിപ്പുരുത-പുല്ലൻപുത റോഡ് | - | 5 ലക്ഷം രൂപ |
| കുണ്ടുംകാട്-ചിറ്റടി റോഡ് | - | 10 ലക്ഷം രൂപ |
| വാഴക്കാട്-ആലത്തൂർ റോഡ് | - | 1 ലക്ഷം രൂപ |
| ഇരട്ടക്കുളം-വാണിയംപാറ റോഡ് | - | 3 ലക്ഷം രൂപ |

(ഡി) ഭരണാനുമതി നൽകിയ ശേഷം ബഡ്ജറ്റിൽ തുക വക കൊള്ളിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

**വെള്ളൂർ-പുളിങ്ങോം പാലം നിർമ്മാണം**

**139 (1298)** ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെകാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വെള്ളൂർ-പുളിങ്ങോം മേജർ ഡിസ്ട്രിക്ട് റോഡിൽ കർണ്ണാടകത്തിലെ ഭാഗ മണ്ഡലത്തിലേക്കുള്ള പാലം നിർമ്മിക്കുന്നതിന്റെ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

ഉത്തരം

അന്തർ സംസ്ഥാന പദ്ധതിയായതിനാൽ കർണ്ണാടക സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

**ആലുവ മുതൽ അങ്കമാലി വരെ നാലുവരിപ്പാത**

**140 (1306)** ശ്രീ. കെ. മുഹമ്മദാലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ മുതൽ അങ്കമാലി വരെ ദേശീയപാത നാലുനിരയാക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ? എങ്കിൽ ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ ജോലികൾ നിർവഹിച്ചിരുന്ന ആലുവയിലെ ലാന്റ് അക്വിസിഷൻ തഹസീൽദാരുടെ എൻ.എച്ച്.ഓഫീസ് തിരുവനന്തപുരത്തേക്ക് മാറ്റിയത് പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ദേശീയപാത വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുത്ത് നൽകുന്നതിൽ ഉണ്ടാകുന്ന വീഴ്ചകൾമൂലം സംസ്ഥാനത്തിന്റെ പദ്ധതികൾക്ക് അനുമതി ലഭിക്കുന്നില്ലായെങ്കിൽ ഈ വസ്തുത കണക്കിലെടുത്ത് ഈ പ്രവർത്തനങ്ങളിൽ കാലതാമസമുണ്ടാക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) 46 കോടി രൂപ എസ്റ്റിമേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ആലുവ-അങ്കമാലി നാലുനിര റോഡ് പദ്ധതി നടപ്പാക്കുന്നതിന് കാലതാമസം ഉണ്ടാക്കിയതിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ച് വരുന്നു. അതിർത്തി അടയാളപ്പെടുത്തി ബൗണ്ടറി സ്റ്റോൺ ഇട്ട് കഴിഞ്ഞിട്ടുണ്ട്.

(ബി) ആലുവ സ്പെഷ്യൽ തഹസീൽദാർ നം.2 ഓഫീസ് മാറ്റിയിട്ടില്ല. പ്രസ്തുത ഓഫീസിലെ ഏതാനും തസ്തികകൾ 1-1-2000 മുതൽ രണ്ട് മാസത്തേക്ക് തിരുവനന്തപുരത്തേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടേയുള്ളൂ.

(സി) അനിവാര്യമായ കാലതാമസം മാത്രമേ ഉണ്ടാകാറുള്ളൂ.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്. ഭൂമി ഏറ്റെടുക്കുന്ന ജോലി മാത്രമാണ് സംസ്ഥാന സർക്കാർ നടപ്പാക്കുന്നത്.

**കൂത്താട്ടുകുളം പാലം പണി**

141 (1307) ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ-കോട്ടയം എം.സി. റോഡിൽ കൂത്താട്ടുകുളം ടൗണിലെ പാലം പുതുക്കിപ്പണിയുന്നതിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ, സ്പെഷ്യൽ സാങ്ഷൻ എന്നിവ എന്നാണ് നൽകിയത് ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(ബി) ഈ പാലത്തിന്റെ പണി ടെണ്ടർ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പാലത്തിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; പണി പൂർത്തിയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് പൂർത്തിയായിയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 24-2-2000-ൽ നൽകി. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു*.

(ബി&സി) എം.സി. റോഡിൽ തിരക്കേറിയ കൂത്താട്ടുകുളം ടൗണിന്റെ മദ്ധ്യഭാഗത്താണ് പാലം സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് അപകടാവസ്ഥയിലുള്ള പാലത്തിന്റെ പണി ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ ഡിപ്പാർട്ടുമെന്റ് നേരിട്ട് ചെയ്യുന്നതിന് തീരുമാനിക്കുകയും അതിനുള്ള നടപടികൾ തുടർന്ന് വരികയും ചെയ്യുന്നു.

**ആലത്തൂർ മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

142 (1315) ശ്രീ. സി. കെ. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly